"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - തൃശ്ശൂർ ജില്ലാ കളക്ടറുടെ നിർദ്ദേശത്തിനെതിരെ ശ്രീ. ഫ്രാൻസിസ് എം. വി, ശ്രീ സോജൻ എം. വി, എന്നിവർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയും ടിയാൻ മുതൽ പേർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം.12146/2021-മേലുള്ള ബഹു. ഹൈക്കോടതി വിധിന്യായം നടപ്പിലാക്കിയും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻസിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.627/2026/AGRI തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ കളക്ടറുടെ തീയതി രേഖപ്പെടുത്താത്ത ബി 11/2990/2021 നമ്പർ നടപടിക്രമം.
2. ശ്രീ. ഫ്രാൻസിസ് എം. വി, ശ്രീ സോജൻ എം. വി, എന്നിവർ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) നം. 12146/2021 മേലുള്ള ബഹു. ഹൈക്കോടതിയുടെ 16/02/2026-ലെ വിധിന്യായം.
3. ശ്രീ. ഫ്രാൻസിസ് എം. വി, ശ്രീ സോജൻ എം. വി, എന്നിവർ സർക്കാരിൽ സമർപ്പിച്ച 06/03/2026 ലെ റിവിഷൻ ഹർജി.
4. തൃശ്ശൂർ ജില്ലാ കളക്ടറുടെ 30/04/2026 തീയതിയിലെ DCTSR-2990/2021-B11 നമ്പർ റിപ്പോർട്ട്.
5. വെള്ളാങ്ങല്ലൂർ കൃഷി ഓഫീസറുടെ VGR-11/26-27 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ വടക്കുംകര വില്ലേജിൽ സർവ്വേ നമ്പർ 402/1-ൽ പെട്ട ഏകദേശം 1.97 ഏക്കർ നിലം ഭൂമി അനധികൃതമായി തരം മാറ്റിയത് പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീ. ഫ്രാൻസിസ്, ശ്രീ. സോജൻ എന്നിവർ പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ശ്രീ. ഫ്രാൻസിസ്, ശ്രീ. സോജൻ WP(C) No.12146/2021 മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിൽ പ്രസ്തുത റിവിഷൻ ഹർജി പരിശോധിച്ച് തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

2. ഈ വിഷയത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെടുകയും പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ശ്രീ. ഫ്രാൻസിസ്, ശ്രീ. സോജൻ എന്നിവർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേലുള്ള തൃശ്ശൂർ ജില്ലാ

കളക്ടറുടെ റിപ്പോർട്ടും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഭൂമി പൂർവ്വസ്ഥിതിയിലാക്കാനുള്ള ഉത്തരവും. മുകുന്ദപുരം താലൂക്ക്, വടക്കുംകര വില്ലേജ്, സർവ്വേ നമ്പർ 402/1-ൽ പ്പെട്ട ഏകദേശം 1.97 ഏക്കർ നിലം. ആനക്കച്ചിറ പാടശേഖരത്തിന്റെ ഭാഗമായ നിലത്തിൽ അനധികൃതമായി ഇരുമ്പുവേലി കെട്ടുകയും, ഫലവൃക്ഷങ്ങളും തെങ്ങിൻതൈകളും വെച്ചുപിടിപ്പിച്ച് നെൽവയൽ പരിവർത്തനം ചെയ്യാൻ ശ്രമിക്കുകയും ചെയ്തുഎന്നതാണ് കേസ്. ഈ നിർമ്മാണ പ്രവർത്തനങ്ങൾ മൂലം അയൽപക്കത്തെ പാടശേഖരങ്ങളിലേക്ക് ട്രാക്ടറുകളും കൊയ്ത്തുയന്ത്രങ്ങളും എത്തിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായി. 2008-ലെ നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം, അനധികൃതമായി രൂപമാറ്റം വരുത്തിയ ഭൂമി 15 ദിവസത്തിനകം സ്വന്തം ചിലവിൽ പൂർവ്വസ്ഥിതിയിലാക്കാൻ ജില്ലാ കളക്ടർ 28.04.2021-ന് ഉത്തരവിട്ടു. ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ഉടമകൾ സമർപ്പിച്ച റിവിഷൻ ഹർജിയിൽ തീരുമാനമാകുന്നത് വരെ തൽസ്ഥിതി (Status Quo) തുടരാൻ ഹൈക്കോടതി 16.02.2026-ന് നിർദ്ദേശിച്ചു. ഈ സാഹചര്യത്തിൽ ഉടമകൾ നടത്തിയത് നിയമലംഘനമാണെന്ന് ബോധ്യപ്പെട്ടതിനാൽ അവരുടെ റിവിഷൻ ഹർജി തള്ളിക്കളയണമെന്നും കളക്ടറുടെ ഉത്തരവ് ശരിവെക്കണമെന്നും റിപ്പോർട്ടിൽ ആവശ്യപ്പെടുന്നു.

3. പ്രസ്തുത റിവിഷൻ ഹർജിയിൻമേൽ പരാമർശം (4) പ്രകാരം കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ഭൂമി ആനക്കച്ചിറ പാടശേഖരത്തിന്റെ ഭാഗമായ റോഡ് നിരപ്പിൽ നിന്നും ഉദ്ദേശം ഒന്നര മീറ്റർ താഴ്ച്ചയിൽ വയൽ നിരപ്പിനോട് ചേർന്ന് കിടക്കുന്നതാണെന്നും കക്ഷികൾ നടത്തിയ അനധികൃത നിർമാണ പ്രവർത്തികൾ നിമിത്തം പ്രസ്തുത ഭൂമിയുടെ പടിഞ്ഞാറ് വശമായ പാടശേഖരത്തിലേക്ക് ട്രാക്ടറുകളും കൊയ്ത്തു യന്ത്രങ്ങളും എത്തിക്കുവാൻ പറ്റാതെ വരുമെന്നും ആനക്കച്ചിറ പാടശേഖരത്തിൽ കൃഷി ചെയ്തുവരുന്ന കർഷകർ കൂട്ടായി പരാതി സമർപ്പിച്ചിരുന്നു. പരാതിയുടെ അടിസ്ഥാനത്തിൽ വടക്കുംകര വില്ലേജ് ഓഫീസർ സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി 01.02.2021-ന് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതാണ്. നിരോധന ഉത്തരവ് നൽകിയതിനു ശേഷം വീണ്ടും പരിവർത്തനം ചെയ്യുന്നതായും അതിരുകൾ കെട്ടിത്തിരിക്കുന്നതായും അനധികൃത നിർമ്മാണം നടത്തുന്നതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത് സ്റ്റോപ്പ് മെമ്മോ 9.3.2021 തീയതിയിൽ സ്ഥലത്ത് പതിച്ചു നൽകിയിരുന്നു. പ്രസ്തുത ഭൂമിയിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് മൂലം തൊട്ടടുത്ത കൃഷി ഭൂമിയിലേക്കുള്ള പ്രവേശനം തടസ്സപ്പെട്ടതും ഫലവൃക്ഷങ്ങളും തൈകളും വെച്ചുപിടിപ്പിച്ച് നെൽവയൽ പരിവർത്തനം ചെയ്യുന്നതിന് നടത്തിയ ശ്രമങ്ങളും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ആണെന്ന് ബോധ്യപ്പെട്ടതിനാൽ പൂർവസ്ഥിതിയിലാക്കാൻ ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. റിവിഷൻ ഹർജിക്കാന്റെ വാദഗതികൾ ചുവടെ ചേർക്കും പ്രകാരമാണ്.

സ്ഥലത്തിന്റെ സ്വഭാവ വ്യതിയാനം വരുത്തിയിട്ടില്ല. സ്ഥലം വാങ്ങുമ്പോൾ തന്നെ അതിൽ 20 വർഷത്തിലധികം പ്രായമുള്ള വിവിധ ഫലവൃക്ഷങ്ങൾ ഉണ്ടായിരുന്നു. നെൽകൃഷിക്ക് ഒട്ടും അനുയോജ്യമായ ഭൂമിയല്ല. ചുറ്റുപാടുമുള്ള വസ്തുക്കളിലും നെൽകൃഷി നിലവിലില്ല.സ്ഥല പരിശോധന ശരിയായി നടത്താതെയാണ് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. തണ്ണീർത്തട നിയമം നിലവിൽ വരുന്നതിനു മുൻപേ നികത്തിയ ഭൂമിയാണ്. സ്ഥലത്തിന്റെ 2008-നു മുൻപുള്ള അവസ്ഥ KSREC റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പരിശോധിച്ചില്ല.

5. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കക്ഷിക്ക് 5.6.2026 തീയതിയിൽ കൃഷി വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിങ്ങിനുള്ള അവസരം നൽകി. ഹിയറിങ്ങിൽ

കക്ഷികൾക്ക് വേണ്ടി അഡ്വക്കേറ്റ് മിനി ഹാജരായി. എറണാകുളം കളക്ടറേറ്റ് ബി സെക്ഷൻ ജൂനിയർ സൂപ്രണ്ട്, കൃഷി ഓഫീസർ എന്നിവർ ഹിയറിങ്ങിൽ ഹാജരായി. 20 വർഷത്തിലധികമായി നെൽകൃഷി ചെയ്യാത്ത സ്ഥലമാണെന്നും സ്ഥലം Fallow Land ആണെന്നും ആയതിനാൽ നിയമപ്രകാരം കളക്ടർക്ക് പ്രസ്തുത ഭൂമിയിൽ സെക്ഷൻ 13 നടപടിയെടുക്കാൻ സാധിക്കില്ലെന്നും അഡ്വക്കേറ്റ് മിനി ഹിയറിങ്ങിൽ അറിയിച്ചു. കൂടാതെ കൃഷി ഓഫീസർ പാടശേഖരസമിതിക്ക് നെൽകൃഷിക്ക് നൽകിയ സഹായ ധനങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും പകർപ്പുകൾ ഹാജരാക്കേണ്ടതാണെന്നും ആയത് സമർപ്പിച്ചിട്ടില്ല എന്നും ടിയാൻ വാദിച്ചു. കൂടാതെ പാടശേഖരത്തിലേക്ക് കൃഷി ആവശ്യത്തിനു പോകാൻ വീതിയുള്ള വേറെ വഴിയുണ്ടെന്നും ആയതിനാൽ കൃഷി തടസ്സപ്പെടുത്തി എന്നുള്ള വാദം ശരിയല്ലെന്നും ടിയാൻ വാദിച്ചു. സ്ഥലത്തിനോട് ചേർന്ന് മാണിക്യ പാടശേഖരം നിലവിൽ ഉണ്ടെന്നും അവർക്ക് കൃഷി ആവശ്യത്തിനു സഹായം നൽകിയിട്ടുണ്ടെന്നും ഈ സ്ഥലം ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും കൃഷി ഓഫീസർ അറിയിച്ചു.

6. മേൽ റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. കൃത്യമായ സ്ഥലം പരിശോധന നടത്താതെയും രേഖകൾ പരിശോധിക്കാതെയും ആണ് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിച്ചതെന്നാണ് കക്ഷി ആരോപിച്ചിട്ടുള്ളത്. നെൽകൃഷി വർഷങ്ങളായി ചെയ്തു വരാത്ത സ്ഥലമാണെന്നും ആയതിനാൽ ജില്ലാ കളക്ടർക്ക് സെക്ഷൻ 13 നടപടിക്രമം പുറപ്പെടുവിക്കാൻ കഴിയില്ലെന്നും കക്ഷികൾ വാദിച്ചിരിക്കുന്നു. വസ്തുവിന്റെ മുൻപുള്ള സ്ഥിതി അറിയുന്നതിലേക്ക് 2008- നു മുൻപുള്ള KSREC റിപ്പോർട്ട് പരിശോധിച്ചതായി കാണുന്നില്ല. ആയതിനാൽ കക്ഷികൾ സമർപ്പിച്ച റിവിഷൻ ഹർജി പരിഗണിക്കാവുന്നതാണെന്ന് കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവർ കക്ഷിയുടെ സാന്നിധ്യത്തിൽ, ആവശ്യമെങ്കിൽ KSREC റിപ്പോർട്ട് കൂടി പരിശോധിച്ചു, ഒരു സംയുക്ത സ്ഥല പരിശോധന നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം ഒരിക്കൽ കൂടി വിശദമായി പരിശോധിച്ച് ഒരു അന്തിമ തീരുമാനം എടുക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും അപ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായം നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഭിലാഷ് എസ്
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ , എറണാകുളം (ആമുഖ കത്ത് സഹിതം)
2. ശ്രീ. ഫ്രാൻസിസ് എം.വി S/o. എം.എം. വർഗ്ഗീസ്, മാരത്തോണ്ടു ഹൗസ്, അഴീക്കോട് ജെട്ടി പി.ഒ., അഴീക്കോട് കര, കൊടുങ്ങല്ലൂർ - തൃശ്ശൂർ - 680666.
3. ശ്രീ. സോജൻ എം.വി. S/o. എം.എം. വർഗ്ഗീസ്, മാരത്തോണ്ടു ഹൗസ്, അഴീക്കോട് ജെട്ടി പി.ഒ., അഴീക്കോട് കര, കൊടുങ്ങല്ലൂർ -തൃശ്ശൂർ - 680666.
4. ജില്ലാ കളക്ടർ, തൃശ്ശൂർ.
5. റവന്യൂ ഡിവിഷണൽ ഓഫീസർ , ഇരിങ്ങാലക്കട, തൃശ്ശൂർ.
6. കൃഷി ഓഫീസർ, കൃഷി ഭവൻ, വെള്ളാങ്കല്ലൂർ, തൃശ്ശൂർ.
7. വില്ലേജ് ഓഫീസർ, വടക്കുംകര, തൃശ്ശൂർ.
8. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
9. കരുതൽ ഫയൽ ഓഫീസ് കോപ്പി (ഫയൽ നം. എൻസിഎ2/61/2026/Agri)

ഉത്തരവിൻ പ്രകാരം

Signed by Salunath V S

Date: 03-07-2026 15:14:30

സെക്ഷൻ ഓഫീസർ